RCS/15488/2025-EM(5)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 05-12-2025

## സർക്കുലർ നമ്പർ 46/2025

വിഷയം: സഹകരണ വകുപ്പ്- സഹകരണ നിയമം വകുപ്പ് 80(3),ചട്ടം 182(7)പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പോലീസ് പരിശോധന റിപ്പോർട്ട്- മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം:
1. സർക്കാരിന്റെ ആഭ്യന്തര (രഹസ്യ വിഭാഗം-ബി) വകുപ്പിന്റെ 30.09.2021-ലെ സ.ഉ(അച്ചടി) നം.63/2021/ആഭ്യന്തരം നം ഉത്തരവ്
2. സർക്കാരിന്റെ സഹകരണ നിയമ വകുപ്പ്(ലെജിസ്ലേഷൻ-എച്ച്)വകുപ്പിന്റെ 07.06.2024-ലെ 142/Leg.H2/2022/Lawനം ഭേദഗതി.
3. സർക്കാരിന്റെ സഹകരണ(ബി)വകുപ്പിന്റെ 31.12.2024-ലെ 1203/2024 നം.എസ്.ആർ.ഒ

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ , വികസന അതോരിറ്റികൾ, സഹകരണ സ്ഥാപനങ്ങൾ, ദേവസ്വം ബോർഡുകൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ പോലീസ് വെരിഫിക്കേഷൻ നിർബന്ധമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ നിലവിലെ നിയമങ്ങൾ/സ്റ്റാറ്റ്യൂട്ടുകൾ/ചട്ടങ്ങൾ/ ബൈലാ എന്നിവയിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം(2) പ്രകാരം കേരള സഹകരണസംഘം നിയമം വകുപ്പ്- 80 (3) പ്രകാരം നിയമനം ക്രമപ്പെടുത്തുന്നത് ഉദ്യോഗാർത്ഥിയുടെ സ്വഭാവം ,മുൻകാല ചരിത്രം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട പോലീസ് അധികാരികളിൽ നിന്നും ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ വിവിധ തസ്തികകളിൽ നിയമിക്കപ്പെടുന്നതിന് സഹകരണ നിയമം വകുപ്പ് 80 നും ഉപ വകുപ്പുകൾക്കും വിധേയമായി നിയമനാധികാരി തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ഖണ്ഡിക(1)-ൽ പരാമർശിച്ചിട്ടുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ ആയിരിക്കുമെന്നും ചട്ടം 182 ഉപചട്ടം (7)-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ച് 6 മാസങ്ങൾക്കുള്ളിൽ നിശ്ചിത അധികാരികളിൽ നിന്നും ലഭിയ്ക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനം ക്രമീകരിക്കുകയോ റദ്ദ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

ടി വ്യവസ്ഥകൾ സംബന്ധിച്ച് സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1) കേരള സഹകരണസംഘം നിയമം വകുപ്പ് 80 നും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാരൻ അന്നേ ദിവസം തന്നെ സ്വഭാവ പരിശോധനയ്ക്കും മുൻകാല പരിശോധനയ്ക്കും ആവശ്യമായ വിവരങ്ങൾ നിയമനാധികാരിക്ക് അനുബന്ധമായി ചേർത്തിട്ടുള്ള അപേക്ഷാ ഫോറം നം- I, II എന്നിവയിൽ ലഭ്യമാക്കേണ്ടതാണ്.

2) അന്വേഷണ തീയതിക്ക് മുമ്പുള്ള മൂന്ന് (3) വർഷങ്ങൾക്കുള്ളിൽ, ജീവനക്കാരൻ/ജീവനക്കാരി സ്ഥിര താമസക്കാരനായ/ താമസക്കാരിയായ ജില്ലയിലെയും ആറ്(6) മാസത്തിൽ കൂടുതൽ താമസിച്ചിട്ടുള്ള മറ്റ് സ്ഥലങ്ങളിലെയും പോലീസ് സൂപ്രണ്ട്/കമ്മീഷണർക്ക്, ജീവനക്കാരൻ/ ജീവനക്കാരി ജോലിയിൽ പ്രവേശിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു കവറിംഗ് ലെറ്റർ സഹിതം നിയമനാധികാരി സാക്ഷ്യപ്പെടുത്തൽ അനുബന്ധമായി ചേർത്തിട്ടുള്ള ഫോം III അയയ്ക്കേണ്ടതാണ്. അന്വേഷണ തീയതിക്ക് മുമ്പുള്ള മൂന്ന്(3) വർഷത്തിനുള്ളിൽ, ജീവനക്കാരൻ കേരളം ഒഴികെയുള്ള മറ്റ് സംസ്ഥാനങ്ങളിൽ ആറ്(6) മാസത്തിൽ കൂടുതൽ താമസിച്ചിട്ടുണ്ടെങ്കിൽ, ഉദ്യോഗാർത്ഥികളുടെ സ്വഭാവവും മുൻകാല ചരിത്രവും പരിശോധിക്കുന്നതിനായി നിയമന അതോറിറ്റി ഓരോ സംസ്ഥാനങ്ങളിലെയും ബന്ധപ്പെട്ട ജില്ലകളിലെ വെരിഫയിംഗ് അതോറിറ്റികളെ ബന്ധപ്പെടേണ്ടതുമാണ്.

3) വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി മാത്രം ആറ്(6) മാസത്തിൽ കൂടുതൽ സംസ്ഥാനത്തിന് പുറത്ത് താമസിച്ചിട്ടുള്ള, നിയമനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാരുടെ കാര്യത്തിൽ, അവർ ബന്ധപ്പെട്ട കാലയളവിൽ പഠിച്ച സ്ഥാപന മേധാവികളിൽ നിന്ന് ലഭിയ്ക്കുന്ന സ്വഭാവ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതിയാകും

4) ഓരോ വെരിഫിക്കേഷൻ കേസിനും 1000/- രൂപ (ആയിരം രൂപ മാത്രം)
ഫീസ് ആയി ജീവനക്കാരൻ/ജീവനക്കാരി '0055-00-103-ഫീസ്, ഫൈൻസ് ആൻഡ് ഫോർഫീച്ചേഴ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

5) സൂപ്രണ്ട്/ പോലീസ് കമ്മീഷണർ സമർപ്പിക്കുന്ന വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ജീവനക്കാരന് അനുകൂലമാണെങ്കിൽ നിയമനാധികാരിക്ക് ടിയാളുടെ നിയമനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നിശ്ചിത സമയത്തിനകം സ്വീകരിക്കാവുന്നതാണ്.

6) ജീവനക്കാരൻ / ജീവനക്കാരി തസ്തികയിൽ ചേരുന്ന തീയതി മുതൽ ആറ്(6) മാസത്തിനുള്ളിൽ സ്ഥിരീകരണ പ്രക്രിയ പൂർത്തിയാക്കണം

7) നിർദ്ദിഷ്ട അധികാരികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് ജീവനക്കാരന്/ജീവനക്കാരിയ്ക്ക് പ്രതികൂലമാണെങ്കിൽ നിയമനം അസ്ഥിരപ്പെടുത്തുന്നതിന് നിയമനാധികാരി താൽക്കാലിക തീരുമാനമെടുക്കേണ്ടതും വിശദീകരണം എന്തെങ്കിലുമുണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിനു ജീവനക്കാരന്/ജീവനക്കാരിയ്ക്ക് ന്യായമായ അവസരം നല്കേണ്ടതുമാണ്. തുടർന്ന് നിയമനകാര്യത്തിൽ നിയമനാധികാരി അന്തിമ തീരുമാനം എടുക്കേണ്ടതുമാണ്.

(ഒപ്പ്)

Dr. D SAJITH BABU IAS

**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്**

1) സഹകരണആഡിറ്റ് ഡയറക്ടർ
2) ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4) ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, കേരള ബാങ്ക്
5) എല്ലാ സഹകരണ ബോർഡുകളും
6) മാനേജിംഗ് ഡയറക്ടർ, എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും
7) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
8) എല്ലാ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
9) സ്റ്റോക്ക് ഫയൽ/സ്പെയർ

ആജ്ഞാനുസരണം

**Signed by Bindu S**
**Date: 06-12-2025 10:37:09**

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.എം)

# ANNEXURE- I
## (Form 1)

( ബന്ധപ്പെട്ട നിയമന അധികാരി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് ഉദ്യോഗാർത്ഥിയിൽ നിന്നും സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതാണ്. )

( The appointing authority shall obtain the attestation form duly filled up by the candidate himself /herself, before permitting him/her to join duty.)

| Affix here recent passport size colour photo of the candidate |
|---|

(Appointing Authority/Competent Officer should attest the photograph)

**മുന്നറിയിപ്പ്**

1) സാക്ഷ്യപത്രഫോറത്തിൽ വ്യാജവിവരം നൽകുകയോ, വസ്തുത സംബന്ധിച്ച എന്തെങ്കിലും വിവരം മറച്ചു വെയ്ക്കുകയോ ചെയ്യുന്നത് ബന്ധപ്പെട്ട സഹകരണ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്നതിൽ നിന്നും ഉദ്യോഗാർത്ഥിയെ അയോഗ്യനാക്കുന്നതാണ്.

## Warning

Furnishing of false information or suppression of any factual information in the attestation form will lead to disqualification of the candidate from employment under the concerned Co-operative Institutions.

2) സാക്ഷ്യപത്രഫോറം പൂരിപ്പിച്ച് സമർപ്പിച്ചതിനുശേഷം തടവിലാക്കപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ ചെയ്താൽ, അതു സംബന്ധിച്ച വിശദ വിവരങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്/ബന്ധപ്പെട്ട നിയമന അധികാരിയേയോ

ഉടനെ രേഖാമൂലം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യുന്നതിൽ വിഴ്ച്ച വരുത്തിയാൽ വസ്തുത സംബന്ധിച്ച വിവരങ്ങൾ മറച്ചുവച്ചതായി കണക്കാക്കുന്നതാണ്.

If detained, convicted, debarred etc subsequent to the submission of the filled up attestation form, the details should be communicated immediately to the Kerala Public Service Commission/Co-operative Service Examination Board/ or the appointing authority, failing which it will be deemed to be suppression of factual information.

3)സാക്ഷ്യപത്രഫോറത്തിൽ വ്യാജവിവരങ്ങൾ നൽകിയിട്ടുണ്ടെന്നോ, വസ്തുത സംബന്ധിച്ച ഏതെങ്കിലും വിവരം മറച്ചുവച്ചിട്ടുണ്ടെന്നോ ഉള്ള വിവരം ഒരാളുടെ സേവനകാലത്തിനിടയിൽ എപ്പോഴെങ്കിലും വെളിപ്പെട്ടുകയാണെങ്കിൽ അയാളുടെ സർവ്വീസ് അവസാനിക്കപ്പെട്ടുവാൻ ഇടയാകുന്നതാണ്.

If the fact that any false information has been furnished or that there has been suppression of any factual information in the attestation form comes to notice at any time during the service of a person, his service would be liable to be terminated.

| | |
|---|---|
| 1. നിയമനം ലഭിച്ച തസ്തിക (Post to which appointed) | |
| 2. പൂർണ്ണമായ പേര് (മലയാളത്തിലും ഇംഗ്ലീഷിലും) Name in full (in block, letters) | |
| 3. അച്ഛന്റെ /അമ്മയുടെ പേര് (മലയാളത്തിലും ഇംഗ്ലീഷിലും) Father's/Mother's Name | |
| 4. മതം, ജാതി, വർഗ്ഗം Religion, Caste, Community | |
| 5. ജനന തീയതി Date of birth | |
| 6. ജനന സ്ഥലം, ജില്ല സംസ്ഥാനം Place of birth, District, State | |
| 7. (എ) ഇപ്പോഴത്തെ പൂർണ്ണമായ മേൽവിലാസം (വീടിന്റെ നമ്പരും, | |

| | |
|---|---|
| പേരും തെരുവ്, പോസ്റ്റ് ഓഫീസ്, ജില്ല, സംസ്ഥാനം, പിൻകോഡ്, ഫോൺ നം മുതലായ വിവരങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും കാണിച്ചിരിക്കണം)<br><br>**a.** Present address, (showing House No, Name, Lane/Street, Post Office, District, State, Pincode & Phone No.)<br><br>(ബി) പോലീസ് സ്റ്റേഷന്റെ പേര്<br>(b) Name of Police Station | |
| 8. (എ) സ്ഥിരമായ മേൽവിലാസം (വീടിന്റെ നമ്പരും പേരും, തെരുവ്, പോസ്റ്റ് ഓഫീസ്, ജില്ല, സംസ്ഥാനം, പിൻകോഡ് ഫോൺ നം മുതലായ വിവരങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലും കാണിച്ചിരിക്കണം)<br><br>**a.** Permanent address of the candidate (showing House No, Name, Lane/Street, Post Office, District, State, Pincode & Phone No.)<br><br>(ബി) പോലീസ് സ്റ്റേഷന്റെ പേര്<br>(b) Name of the Police Station | |
| 9. കഴിഞ്ഞ മൂന്നു വർഷക്കാലത്തിനകം ആറ് മാസത്തിൽ കൂടുതൽ മറ്റെവിടെയെങ്കിലും താമസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ (താമസിച്ച കാലയളവ് സഹിതം) | |

| | |
|---|---|
| Particulars of places where the candidate has resided elsewhere for more than six months at a time during the preceding three years (with periods of stay) | |

10. പത്താം ക്ലാസ് മുതൽക്കുള്ള വിദ്യാഭ്യാസ യോഗ്യതകളുടെ വിശദവിവരങ്ങൾ

Details of educational qualifications from 10th standard onwards

| സ്കൂളിന്റെ /കോളേജിന്റെ പേരും മേൽവിലാസവും Name and address of School/ College | പ്രവേശന തീയതി Date of admission | വിടുതൽ തീയതി Date of leaving | ജയിച്ച പരീക്ഷ Examination passed |
|---|---|---|---|
| | | | |

| | |
|---|---|
| **11.** (എ) ഇതിനു മുൻപ് സർക്കാർ സർവ്വീസിൽ/ ഏതെങ്കിലും സഹകരണ സ്ഥാപനങ്ങളിൽ ഏതെങ്കിലും തസ്തികയിൽ താങ്കൾക്ക് നിയമനം ലഭിച്ചിട്ടുണ്ടോ അല്ലെങ്കിൽ കേന്ദ്ര/സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ/സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് ഏതെങ്കിലും തസ്തികയിലേക്ക് താങ്കളെ നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ടോ ? | ഉണ്ട്/ഇല്ല |

| | |
|---|---|
| a. Have you ever been appointed to any post in Govt. service/Co-operative Istitutions or advised for any post by Central/State Public Service Commission,Co-operative Service Examination Board before this?<br><br>(ബി) ഉത്തരം ' ഉണ്ട് ' എന്നാണെങ്കിൽ വിശദവിവരം നൽകുക<br><br>b. If the answer is 'yes' give details | Yes/No |
| 12. (എ) സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെയോ, സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കമ്പനികളുടെയോ, കോർപ്പറേഷന്റെയോ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയോ, എതെങ്കിലും സഹകരണ സ്ഥാപനങ്ങളുടെയോ സേവനത്തിൽ നിന്നും നിങ്ങളെ പിരിച്ചു വിടുകയോ അല്ലെങ്കിൽ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന് അയോഗ്യത കല്പിക്കപ്പെടുകയോ ചെയ്തിട്ടുണ്ടോ?<br><br>a. Have you ever been debarred from appointment or dismissed or removed from the service of State Government or Central Government or from any quasi Government Institution or any Government owned | ഉണ്ട്/ഇല്ല |

| | |
|---|---|
| company or Corporation or Local Self Government Institutions, Co-operative Institutions ?<br><br>(ബി) ഉത്തരം ' ഉണ്ട് ' എന്നാണെങ്കിൽ വിശദവിവരം നൽകുക<br><br>b. If the answer is 'yes' give details | Yes/No |
| 13.(എ) സർക്കാർ സർവ്വീസിൽ/ കോർപ്പറേഷനിൽ, സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കമ്പനികളിൽ/ബോർഡുകളിൽ ,സഹകരണ സ്ഥാപനങ്ങളിൽ ഏതെങ്കിലും ജോലിയിൽ ഇരിക്കുമ്പോൾ പ്രസ്തുത വകുപ്പ് അധികൃതരെ അറിയിക്കാതെ നിങ്ങൾ ജോലി ഉപേക്ഷിച്ചു പോയിട്ടുണ്ടോ?<br><br>a. Have you ever deserted any post while in service of any Government or Corporation or Government owned Companies or Board,Co-operative Institutions?<br><br>( ബി) ഉത്തരം 'ഉണ്ട് എന്നാണെങ്കിൽ വിശദവിവരം നൽകുക<br>(b)If the answer is 'Yes' give details | ഉണ്ട്/ഇല്ല<br><br>Yes/No |
| 14. (എ) വിദ്യാഭ്യാസ വകുപ്പോ ഏതെങ്കിലും സർവ്വകലാശാലയോ നിങ്ങളെ എപ്പോഴെങ്കിലും പൊതു പരീക്ഷയ്ക്ക് ഹാജരാകുന്നതിൽ നിന്നും | ഉണ്ട് ഇല്ല |

| | |
|---|---|
| വിലക്കിയിട്ടുണ്ടോ?<br>(a) Have you ever been debarred from appearing for Public Examination by Department of Education or any University?<br><br>(ബി) ഉത്തരം ' ഉണ്ട് ' എന്നാണെങ്കിൽ വിശദവിവരം നൽകുക<br><br>b. If the answer is 'Yes' give details | Yes/No |
| 15.(എ) കേന്ദ്ര/സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ/ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നിങ്ങളെ എപ്പോഴെങ്കിലും വിലക്കിയിട്ടുണ്ടോ?<br><br>a. Have you ever been debarred by the Union State Public Service Commission/ Co-operative Service Examination Board?<br><br>( ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ വിശദവിവരം നൽകുക<br><br>(b)If the answer is 'Yes' give details | ഉണ്ട് ഇല്ല<br><br>Yes/No |
| 16 (എ) നിങ്ങൾ എപ്പോഴെങ്കിലും ക്രിമിനൽ കേസുകളിൽ പ്രതിയാക്കുകയോ ഏതെങ്കിലും കോടതി എന്തെങ്കിലും കുറ്റത്തിന് നിങ്ങളെ ശിക്ഷിക്കുകയോ നിങ്ങൾ പിഴയൊടുക്കുകയോ ചെയ്തിട്ടുണ്ടോ?<br><br>a. Have you ever been accused in crime cases or convicted or | ഉണ്ട് ഇല്ല |

| | |
|---|---|
| fined for any offence by a Court of Law?<br>(ബി) ഉത്തരം ' ഉണ്ട് ' എന്നാണെങ്കിൽ കേസ്, ശിക്ഷ, ഫൈൻ, കുറ്റകൃത്യത്തിൽ ഉൾപ്പെട്ട സമയത്തെ പ്രായം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുക<br>(b) If the answer is 'Yes' give details of the case. conviction, fine and the age at the time of the commission of the offence. | Yes/No |
| 17. (എ) നിങ്ങൾക്കെതിരെ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് നിലവിലുണ്ടോ?<br>(a) Is there any case pending against you in any Police Station?<br>( ബി) ഉത്തരം ' ഉണ്ട് ' എന്നാണെങ്കിൽ ക്രൈം നമ്പർ, പോലീസ് സ്റ്റേഷന്റെ പേര് മുതലായ വിവരങ്ങൾ നൽകുക<br>(b) If the answer is 'Yes' give details like Crime No., Name of Police Station etc. | ഉണ്ട് ഇല്ല<br>Yes/No |
| 18.(എ) നിങ്ങൾക്കെതിരെ ഏതെങ്കിലും ക്രിമിനൽ കോടതിയിൽ കേസ് നിലവിലുണ്ടോ?<br>(a) Is there any case pending against you in any Criminal Court?<br>(ബി) ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ കേസ് നമ്പർ, കോടതിയുടെ പേര് മുതലായ വിവരങ്ങൾ നൽകുക. | ഉണ്ട്/ ഇല്ല<br>Yes/No |

| | |
|---|---|
| (b) If the answer is 'Yes' give details like Crime No., Name of Court etc. | |
| 19. (എ) നിയമനത്തിന് ശിപാർശ ചെയ്ത സ്ഥാപനത്തിന്റെ പേര്<br><br>(ഉദാ. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്/ സഹകരണ സ്ഥാപനങ്ങൾ)<br><br>a. Name of the authority that made the advice (Eg: Kerala Public Service Commission/Co-operative Service Examination Board/Co-operative Societies etc.)<br>(ബി) ശിപാർശയുടെ നമ്പറും തീയതിയും<br><br>b. Number and date of the advice<br><br>(സി) നിയമന രീതി<br><br>c. Mode of appointment | |
| 20. (എ) നിയമന അധികാരിയുടെ പേരും വിലാസവും<br><br>a. Name and address of the appointing authority<br>(ബി) നിയമന ഉത്തരവിന്റെ വിശദാംശങ്ങൾ | |

| | |
|---|---|
| (b) Details of the appointment order | |

സത്യപ്രസ്താവന

DECLARATION

മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം സത്യവും പൂർണ്ണവുമാണെന്നും സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് തടസ്സമായ യാതൊരുവിധ അയോഗ്യതയും എനിക്കില്ലെന്നും ഞാൻ ഇതിനാൽ സത്യപ്രസ്താവന നടത്തുന്നു.

I hereby declare that the foregoing information is true and complete and that I do not have any disqualification that would obstruct from entering into the Service of institutions under the control of the Government.

സ്ഥലം:

Place:

തീയതി:

Date:

ഉദ്യോഗാർത്ഥിയുടെ ഒപ്പ്

Signature of the candidate

സാക്ഷ്യപത്ര ഫോറം എന്റെ മുമ്പാകെയാണ് ഉദ്യോഗാർത്ഥി പൂരിപ്പിച്ചതെന്നും സാക്ഷ്യപ്പത്ര ഫോറത്തിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി രേഖപെടുത്തിയതായി പരിശോധിച്ച് ബോദ്ധ്യപെട്ടിട്ടുണ്ടെന്നും സാക്ഷ്യപ്പെട്ടുത്തുന്നു.

Certified that the attestation form has been filled up by the candidate before me and that it has been verified and found that the candidate has answered all questions in the attestation form.

സ്ഥലം

Place:

തീയതി

Date

നിയമന അധികാരിയുടെ അല്ലെങ്കിൽ അധികാരപ്പെട്ട
ഉദ്യോഗസ്ഥന്റെ ഒപ്പും പേരും ഉദ്യോഗപ്പേരും

Signature, Name and Designation of the
Appointing authority/Competent Officer

---

(ഓഫീസ് ഉപയോഗത്തിന്)

(For Office Use)

അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് (ഹെഡ് കോൺസ്റ്റബിളിൽ താഴെയല്ലാതെ)

Report of the Verifying Officer (Not below the rank of Head Constable)

സ്ഥലം:

Place:

തീയതി:

Date:

അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പ്, പേര്, ഉദ്യോഗപ്പേര്

Signature, Name and designation of the Verifying Officer

ജില്ലാ പോലീസ് മേധാവിയുടെ റിമാർക്ക്സ്

Remarks of the District Police Chief if any

സ്ഥലം:

Place:

തീയതി — ഉദ്യോഗസ്ഥന്റെ ഒപ്പ്, പേര്, ഉദ്യോഗപ്പേര്

Date: — Signature, Name and Designation of the official

# ANNEXURE II

(Form-II)

## CERTIFICATE OF CHARACTER

Certified that I have known Shri./Smt........................................................................... Son/daughter of..........................................for the last..........................................years.....................months and that to the best of my knowledge and belief he/she bears a reputable character and has no antecedents which render him/her unsuitable for employment.

2. Shri/Smt.........................................................................is not related to me.

Place: Signature

Date: Name, Designation and Status

(Whether Gazetted)

**ANNEXURE III**

(Form III)

(COVERIG LETTER FOR ATTESTATION FORM)

To,

Sir,

Sub: Verification of character and antecedents of candidates for the post of-----------------------------------------------------------------

I am directed to inform that Shri./Smt......................................................................................................... whose particulars are entered in the enclosed attestation form is a candidate for the post of......................................................His/Her date of birth is...................................................He/She has been advised for the post by.................................To enable this Department/Office to determine the suitability of the candidate for Service, I am to request you to kindly certify on the basis of the information available in your records whether he/she has come to adverse notice or not and whether there are any facts about him/her which would render him/her unsuitable for employment . It may be specifically indicated whether or not the candidate is suitable for the service and if he/she is considered unsuitable a brief statement of the grounds for the opinion expressed may be added. If the report is adverse to the candidate, it may be sent directly to the Chief Executive Officer of the concerned Co-operative institutions and also a copy to the Registrar of Co-operative Societies, Thiruvananthapuram through the Additional Director General of Police (Intelligence), Thiruvananthapuram in the below given addresses.

Yours faithfully

1. Registrar of Co-operative Societies,

   O/o the Registrar of Co-operative Societies,
   Jawahar Sahakarana Bhavan,
   D.P.I Junction,
   Thiruvananthapuram-695014

2. Chief Executive Officer,

   -------------------------------Ltd.
   --------------------------------(PO)
   --------------------------------(PIN)